# മതബോധനകേന്ദ്രം

ക്ലാസ് : XI

## മാനന്തവാടി രൂപത

## First Semester Examination 2023

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം: 2 മണിക്കൂർ |

### പാർട്ട് 1

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **10×1=10**

1. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്."ഈ വിശ്വാസപ്രഖ്യാപനം നടത്തിയതാര്?
2. ദൈവിക വെളിപാടിന്റെ പൂർണ്ണത ലഭിക്കുന്നത് ആരിലൂടെയാണ്?
3. ക്രൈസ്തവസഭ ദർശിച്ച ഏറ്റവും തീക്ഷണമതിയായ പ്രേഷിത ശ്രേഷ്ഠൻ.
4. എവിടെവെച്ചാണ് ക്രിസ്തുവിൽ വിശ്വസിച്ചവർ ക്രിസ്ത്യാനികളെന്ന് വിളിക്കപ്പെട്ടത്?
5. മനഃസാക്ഷി രൂപീകരണത്തിലെ പ്രഥമപടി?
6. ഈശോയുടെ വ്യക്തി പ്രഭാവത്തിന്റെ അടിസ്ഥാനമായി നിൽക്കുന്നതെന്ത്?
7. മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണ്ണായ ശക്തി.
8. യുവജന മദ്ധ്യസ്ഥൻ.
9. ജീവസംസ്കാരത്തിന്റെ പിള്ളത്തൊട്ടിൽ.
10. ഉപവിയുടെ മദ്ധ്യസ്ഥൻ.

**II വചനം പൂർത്തിയാക്കാം.** **5×1=5**

11. "നിങ്ങൾ സത്യം അറിയുകയും സത്യം ......................................"(യോഹ. 8:32)
12. "ഞാൻ ശാന്തശീലനും ........................................... എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ." (മത്താ.11:29)
13. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ............................................." (ഗലാ.2:20)
14. "................................................ ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ." (യോഹ.14:1)
15. "ഇച്ഛിക്കുന്ന നന്മയല്ല ......................................... ഞാൻ പ്രവർത്തിക്കുന്നത്." (റോമാ.7:19)

**III രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

16. ഈശോ നൽകുന്ന രക്ഷയുടെ അടിസ്ഥാനപരമായ പ്രത്യേകത എന്ത്?
17. അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ എന്നാലെന്ത്?
18. ഈശോയുടെ വ്യക്തിത്വത്തിന്റെ 2 സവിശേഷതകൾ എഴുതുക.
19. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരുക എന്നു പറഞ്ഞതാര്? എന്താണ് അർത്ഥമാക്കുന്നത്?
20. ക്രിസ്തീയ വ്യക്തിത്വത്തിന്റെ അടിസ്ഥാനപരമായ 3 പ്രധാനഘടകങ്ങളിൽ ഒന്നാണ് ക്രിസ്തീയ ജീവിത ദർശനം. മറ്റ് രണ്ടു ഘടകങ്ങളേവ?
21. ഉത്തമ മനഃസാക്ഷി എന്നാൽ എന്ത്?
22. മനുഷ്യജീവന്റെ മഹത്വത്തിനുള്ള അടിസ്ഥാന കാരണങ്ങളിൽ രണ്ടെണ്ണമെഴുതുക.

**IV ഉത്തരമെഴുതുക.** **4×4=16**

23. ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിൽ ദൈവവചനം മാർഗദർശകമാകുന്നതെങ്ങനെ?
24. ക്രിസ്തീയ ജീവിത മനോഭാവത്തിന്റെ സവിശേഷതകൾ ഏവ?

25. ഈശോ ക്ഷമാശീലൻ. ലഘുക്കുറിപ്പ് തയ്യാറാക്കുക.

26. ആദിമസഭാ സമൂഹത്തിന്റെ വിശ്വാസപ്രഘോഷണം എങ്ങനെയാണ് ഈശോയുടെ ചരിത്രപരതയ്ക്ക് ഉറപ്പുള്ള തെളിവാകുന്നത്?

**V ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** **1×5=5**

27. ലഹരി വസ്തുക്കളുടെ ഉപയോഗം ജീവനെതിരെയുള്ള വെല്ലുവിളിയാകുന്നതെങ്ങനെ?

**VI 1½ പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **1×10=10**

28. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവയെന്നു വിശദമാക്കുക.

*അല്ലെങ്കിൽ*

ഈശോ ലോകരക്ഷകനാണ്, എന്റെ രക്ഷകനാണ്. വിശദമാക്കുക.

## പാർട്ട് 2

**VII ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5×1=5**

29. സഭയെ സൂചിപ്പിക്കുന്ന ഗ്രീക്കുപദം.

30. ഒരു വ്യക്തിസഭയുടെ തലവൻ

31. വി. കുർബാനയെ ദിവ്യകാരുണ്യമെന്ന് വിശേഷിപ്പിച്ചതാര്?

32. മത്തായി എന്ന വാക്കിന്റെ അർത്ഥം

33. മറിയം അമലോത്ഭവയാണെന്ന് ആദ്യമായി പഠിപ്പിച്ച സഭാപിതാവ്.

**VIII ഉത്തരമെഴുതുക.**

34. മൗലിക സുകൃതങ്ങൾ ഏവ? **4**

35. സന്തോഷത്തിന്റെ 4-ാം രഹസ്യം എഴുതുക. **3**

36. തിരുവിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവും എന്തിനെ സൂചിപ്പിക്കുന്നു? **4**

37. തിരുഹൃദയരൂപത്തിൽ ഈശോ തന്റെ ഇടതുകൈ തിരുഹൃദയത്തിൽ വയ്ക്കുവാനുള്ള കാരണം എന്ത്? **4**